**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

## ഇടുക്കി ജില്ലയിൽ കോൺസ്റ്റബിൾ തസ്തികയിലെ ഒഴിവുകൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 146.    28/10/2019-ൽ മറുപടിക്ക്**

| **ചോദ്യം**<br>**ശ്രീ.മോൻസ് ജോസഫ്** | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|

| | | | |
|---|---|---|---|
| (എ) | പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ഇടുക്കി ജില്ലയിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ; | (എ) | പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ഇടുക്കി ജില്ലയിൽ 65 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | നാമമാത്രമായ ഒഴിവുകൾ മാത്രമേ ഇടുക്കി ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളു എന്ന ഉദ്യോഗാർത്ഥികളുടെ പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഇടുക്കി ജില്ലയിൽ നിലവിലുള്ള ഒഴിവുകളെല്ലാം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു വരുന്നു. |
| (സി) | ഇടുക്കി ജില്ലയിൽ മാത്രം ഒഴിവുകൾ കുറഞ്ഞുപോയതിന്റെ കാരണം വ്യക്തമാക്കാമോ; ആയതിൽ പിശക് സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ജില്ലയിൽ സ്ഥാനകയറ്റം, വിരമിക്കൽ, സ്ഥലമാറ്റം എന്നിവ വഴി ഉണ്ടാകുന്ന പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തു വരുന്നു. ഒഴിവ് സംബന്ധിച്ച കണക്കുകളിൽ പിശക് സംഭവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ